# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ0466 2212279 ഇമെയിൽ: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
# പാലക്കാട്

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 03 / 2024 (ചൊവ്വാഴ്ച )** **തീയതി: 09.01.2024**

### അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 10.01.2024 | 11.01.2024 | 12.01.2024 | 13.01.2024 | 14.01.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 6 | 0.1 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 31 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 26 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 6 | 4 | 3 | 3 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 90 | 70 | 90 | 70 | 90 |
| മേഘവ്യാപ്തി (ഒക്ട) | 8 | 7 | 6 | 4 | 5 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ **ഒറ്റപ്പെട്ട ഇടങ്ങളിൽ ശക്തമായ മഴ** പ്രതീക്ഷിക്കുന്നു. കൂടിയ താപനില **32°C** വരെയും കുറഞ്ഞ താപനില **24°C** വരെയും പ്രതീക്ഷിക്കുന്നു.

### പൊതു നിർദ്ദേശങ്ങൾ:

കീട രോഗ സാധ്യത കൂടിയ സാഹചര്യമായതിനാൽ കൃത്യമായി വിളകൾ നിരീക്ഷിക്കുകയും തുടക്കത്തിൽ തന്നെ അവയെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുക. കീടരോഗ നിയന്ത്രണം സമീപത്തുള്ള കർഷകർ കൂട്ടായ പ്രവർത്തനത്തിലൂടെ ചെയ്യുന്നത് വീണ്ടും രോഗം ബാധിക്കുന്നതു ഇല്ലാതാക്കാൻ കഴിയും

### കാർഷിക നിർദ്ദേശങ്ങൾ

#### നെല്ല്

മൂടിക്കെട്ടിയ അന്തരീക്ഷ സ്ഥിതി തുടരുന്ന സ്ഥലങ്ങളിൽ കതിരുവരാത്ത പാടങ്ങളിൽ ലക്ഷ്മി രോഗം/ വാരിപ്പൂവ് വരുന്നതിനു മുൻകരുതലായി പുട്ടിൽ പരുവത്തിൽ എത്തുമ്പോൾ തന്നെ പ്രൊപികൊണസോൾ 1 ml ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്. രോഗബാധയേറ്റ നെല്ച്ചെടികളുടെ വിള അവശിഷ്ടങ്ങൾ നശിപ്പിച്ചു കളയുക.



**നെല്ല്**

നെല്ലിലെ തണ്ടുതുരപ്പനെ നിയന്ത്രിക്കുന്നതിനായി ട്രൈക്കോഗ്രമ്മ ജാപോണിക്കത്തിന്റെ മുട്ടക്കാർഡുകൾ ഒരു ഏക്കറിന് 2cc എന്ന കണക്കിൽ ഞാറു പറിച്ചു നട്ടു ഒരാഴ്ചക്ക് ശേഷം സ്ഥാപിക്കുക(ട്രൈക്കോഗ്രമ്മ മുട്ടകാർഡ് ഏക്കറിന് 2 കാർഡ് 20 കഷ്ണം, 5 സെൻറ്റിനു 1 കഷ്ണം). ശലഭത്തെ നെല്ചെടിയിൽ കണ്ടുതുടങ്ങിയാൽ കാർടാപ് ഹൈഡ്രോക്ലോറൈഡ് എന്ന തരി രൂപത്തിലുള്ള കീടനാശിനി ഒരു ഏക്കറിന് 5 കിലോ ഗ്രാം എന്ന തോതിൽ അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൽ 0.4 G ഒരു ഏക്കറിന് 4 കിലോഗ്രാം എന്ന തോതിൽ ഇട്ടു കൊടുക്കുക.



**നെല്ല്**

നെൽപ്പാടങ്ങളിൽ ഇലചുരുട്ടിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനു മുൻകരുതലായി പറിച്ചു നട്ടു മൂന്നാമത്തെ ആഴ്ച മുതൽ ട്രൈക്കോഗ്രമ്മ കൈലോണിസ്ന്റെ മുട്ടക്കാർഡുകൾ **5** ആഴ്ച തുടർച്ചയായി ഏക്കറിന് **2cc** എന്ന കണക്കിൽ വച്ചുകൊടുക്കുക. ആക്രമണം ശ്രദ്ധയിൽപ്പെട്ടാൽ ബാസിലസ്സ് തുറിഞ്ചിയൻസിസിൻറെ അനുയോജ്യമായ ഫോർമുലേഷൻ **1g** ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ശർക്കര ചേർത്ത് തളിക്കുക.



**രണ്ടും ഉണ്ടെങ്കിൽ (Leaf folder and stem borer)**

ക്ലോറാൻട്രാനിലിപ്രോൽ18.5 SC എന്ന കീടനാശിനി 3ml/10L വെള്ളത്തിൽ എന്ന തോതിൽ തളിച്ചുകൊടുക്കാവുന്നതാണ്.

OR

**ഫ്ലുബെന്റിയമൈഡ്** 20 WG 50g **ഒരു ഏക്കറിന്** അല്ലെങ്കിൽ **ഫ്ലുബെന്റിയമൈഡ്** 39.35 SC **ഒരു ഏക്കറിന്** 30ml എന്ന തോതിൽ തളിച്ചുകൊടുക്കാവുന്നതാണ്.

**കന്നുകാലി**

കാലിത്തൊഴുത്തിൽ അഴുക്കുവെള്ളം കെട്ടികിടക്കുന്നത് അകിടുവീക്കം ഉണ്ടാകാൻ കരണമാകുന്നതിനാൽ തൊഴുത്തിൽ വെള്ളം കെട്ടി നിൽക്കാതിരിക്കാൻ ശ്രദ്ധിക്കുക.

